**കേരള കലാമണ്ഡലം കല്പിത സർവകലാശാല**

**ഫെലോഷിപ്പ് - അവാർഡ് - എൻഡോവ്മെന്റുകളുടെ നിയമാവലി**

1. **ഫെലോഷിപ്പ് - 50,000/- രൂപ, ഫലകം, കീർത്തിപത്രം, പൊന്നാട**

   ക്ലാസിക്കൽ കലകളിൽ ദീർഘകാലം പ്രവർത്തിച്ച, ലബ്ധപ്രതിഷ്ഠരായ കലാകാരന്മാർക്കോ, കലാകാരികൾക്കോ നൽകുന്നതാണ് ഫെലോഷിപ്പ്. രണ്ടു പേർക്കാണ് ഫെലോഷിപ്പ് നൽകുക. കേരള കലാമണ്ഡലത്തിൽ പരിശീലിപ്പിക്കുന്ന കലാരൂപങ്ങൾ ആണ് മാനദണ്ഡം. അറുപത് വയസ്സിന് മുകളിലുള്ളവർക്ക് പ്രഥമ പരിഗണന നൽകുന്നതാണ്.

2. **അവാർഡുകൾ - 30,000/- രൂപ, ഫലകം, കീർത്തിപത്രം, പൊന്നാട**

   താഴെ പറയുന്ന കലാവിഭാഗങ്ങളിൽ ഉൾപ്പെടുന്നവർക്ക് നൽകുന്നതാണ് അവാർഡുകൾ. അമ്പത് വയസ്സ് കഴിഞ്ഞവർക്ക് മുൻഗണന നൽകുന്നതാണ്.

   1) കഥകളി വേഷം
   2) കഥകളി സംഗീതം
   3) കഥകളി ചെണ്ട
   4) കഥകളി മദ്ദളം
   5) ചുട്ടി/അണിയറ
   6) കൂടിയാട്ടം (പുരുഷവേഷം/സ്ത്രീവേഷം/മിഴാവ്)

   *അതത് വിഭാഗങ്ങളിൽ മികച്ച കലാകാരന്മാരുടെ അഭാവത്തിൽ ഓരോ വർഷവും മാറിമാറി നൽകുന്നതാണ്. അമ്പത് വയസ്സ് കഴിഞ്ഞവർക്ക് പ്രഥമപരിഗണന നൽകുന്നതാണ്.*

   7) മോഹിനിയാട്ടം
   8) തുള്ളൽ
   9) നൃത്തസംഗീതം/മൃദംഗം/നട്ടുവാങ്കം
   10) പഞ്ചവാദ്യം (തിമില/ഇടയ്ക്ക/മദ്ദളം/കൊമ്പ്/ഇലത്താളം)

   *ഈ പുരസ്കാരം വാദ്യവിദഗ്ധനായിരുന്ന എ.എസ്.എൻ. നമ്പീശന്റെ പേരിലാണ് നൽകുന്നത്.*

   11) കലാഗ്രന്ഥം

   *ക്ലാസിക്കൽ കലകളെ സംബന്ധിച്ച്, അവാർഡ് വർഷത്തിന് മുമ്പുള്ള 3 വർഷത്തിനുള്ളിൽ പ്രസിദ്ധീകരിച്ച മികച്ച ഗ്രന്ഥത്തിനുള്ള പുരസ്കാരം. മിനിമം അർഹതയുള്ളത് ഇല്ലെങ്കിൽ അവാർഡ് നൽകില്ല. പി.എച്ച്.ഡി. പ്രബന്ധങ്ങൾ പരിഗണിക്കില്ല.*

   12) ഡോക്യുമെന്ററി

   *ക്ലാസിക്കൽ കലകളെയോ, കലാകാരന്മാരെയോ ആസ്പദമാക്കിയുള്ള ഡോക്യുമെന്ററികൾ അവാർഡ് വർഷത്തിന് മുമ്പുള്ള 3 വർഷത്തിനുള്ളിൽ റിലീസ് ചെയ്തതാകണം. സർട്ടിഫിക്കറ്റ് ഹാജരാക്കണം. മുമ്പ് പ്രസ്തുത അവാർഡ് ലഭിച്ചവർക്ക് അപേക്ഷിക്കാൻ അർഹതയില്ല. മികച്ച ഡോക്യുമെന്ററികൾ ഇല്ലെങ്കിൽ ആ വർഷം അവാർഡ് നൽകില്ല.*

3. **സമഗ്ര സംഭാവന പുരസ്കാരം - 30,000/- രൂപ, ഫലകം, കീർത്തിപത്രം, പൊന്നാട**

   *കഥകളി രംഗത്തെ വളർച്ചയ്ക്കും, പ്രചരണത്തിനും ജീവിതകാലം മുഴുവൻ പ്രവർത്തിച്ച വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ നൽകുന്ന അവാർഡ്. ഈ പുരസ്കാരം എം.കെ.കെ. നായരുടെ പേരിൽ നൽകുന്നതാണ്.*

4. **യുവപ്രതിഭ അവാർഡ് - 10,000/- രൂപ, കീർത്തിപത്രം, പൊന്നാട**

   ക്ലാസിക്കൽ കലകളിൽ കഴിവു തെളിയിച്ച യുവകലാകാരൻ/കലാകാരി ഇവരെയാണ് പരിഗണിക്കുക. 35 വയസ്സ് കവിയരുത്. കഥകളി/മോഹിനിയാട്ടം/കൂടിയാട്ടം/തുള്ളൽ/വാദ്യം/സംഗീതം ഇവയ്ക്ക് മാറിമാറി പരിഗണിക്കുന്നതാണ്.

5. **മുകുന്ദരാജ സ്മൃതി പുരസ്കാരം - 10,000/- രൂപ, ഫലകം, കീർത്തിപത്രം, പൊന്നാട**

കേരള കലാമണ്ഡലത്തിന്റെയും ക്ലാസിക്കൽ കലകളുടെയും പുരോഗതിക്ക് വേണ്ടി പ്രവർത്തിക്കുന്നവർക്ക് നൽകുന്ന പുരസ്കാരം.

<u>എൻഡോവ്മെന്റുകൾ</u>

1. **കലാരത്നം**

നൃത്ത-നാട്യ-സംഗീത-വാദ്യ കലാവിഷയങ്ങളിൽ അസാധാരണമായ വൈഭവം തെളിയിച്ചിട്ടുള്ള കലാകാരനോ, കലാകാരിക്കോ നൽകുന്ന പുരസ്കാരം.

2. **ഡോ. വി.എസ്. ശർമ്മ എൻഡോവ്മെന്റ്**

കലാമേഖലയിലെ യുവ കലാകാരൻ/കലാകാരിക്ക് നൽകുന്ന പുരസ്കാരം.

3. **പൈങ്കുളം രാമചാക്യാർ പുരസ്കാരം**

കേരള കലാമണ്ഡലത്തിൽ നിന്നു തന്നെ കൂടിയാട്ടം/മിഴാവ് പഠനം പൂർത്തിയാക്കി അരങ്ങിലും കളരിയിലും ശോഭിക്കുന്ന യുവ കലാകാരൻ/കലാകാരിക്ക് നൽകുന്ന പുരസ്കാരം. 35 വയസ്സിന് മുകളിലുള്ളവർക്ക് പരിഗണന.

4. **വടക്കൻ കണ്ണൻ നായർ പുരസ്കാരം**

തുള്ളൽ കലാമേഖലയിൽ സജീവമായിട്ടുള്ള കലാകാരൻ/കലാകാരിക്ക് നൽകുന്ന പുരസ്കാരം.

5. **ദിവാകരൻനായർ സ്മാരക സൗഗന്ധികം പുരസ്കാരം**

തുള്ളൽ കലയ്ക്കു നൽകിയ സംഭാവനകളെ മാനിച്ച് നൽകുന്ന പുരസ്കാരം.

6. **ഭാഗവതർ കുഞ്ഞുണ്ണി തമ്പുരാൻ എൻഡോവ്മെന്റ്**

കഥകളി വേഷം/കഥകളി സംഗീതം എന്നീ മേഖലയിൽ നിന്നുള്ള യുവകലാകാരന്മാർക്ക് നൽകിവരുന്ന പുരസ്കാരം.

രജിസ്ട്രാർ
കേരള കലാമണ്ഡലം